## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4204** **28/06/2012 -ൽ മറുപടിക്ക്**

## ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം സ്റ്റുഡന്റ് കൗൺസിലർമാരുടെ സേവനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) എല്ലാ സർക്കാർ/ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം സ്റ്റുഡന്റ് കൗൺസിലർമാരുടെ സേവനം ലഭ്യമാക്കാൻ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സ്കൂളുകളിലും ഒരദ്ധ്യാപകനെ/അദ്ധ്യാപികയെ സ്റ്റുഡന്റ് കൗൺസെലർ ആയി നിയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കരിയർ ഗൈഡൻസിന്റെ ഭാഗമായി എം.എസ്.ഡബ്ലിയു/എം.എ. സൈക്കോളജി ബിരുദമുള്ളവരും ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ സ്റ്റുഡന്റ് കൗൺസിലർമാരായി കഴിഞ്ഞവർഷം മുതൽ പ്രവർത്തിച്ച് വരുന്നുണ്ട്. |
| (ബി) നിലവിലുള്ള അധ്യാപകർക്ക് പരിശീലനം നൽകി അവരെ കൗൺസിലർ ആക്കുന്നത് പ്രായോഗികമാണെന്ന് കരുതുന്നുണ്ടോ ; | (ബി) ഉണ്ട്. |
| (സി) ഇല്ലെങ്കിൽ ആയതിലേക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ